EM-5

042489

കേരള സർക്കാർ

# സംഗ്രഹം

സഹകരണ വകുപ്പ് - കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിൽ പുതിയതായി ചേരുന്നവർക്ക് കുടിശ്ശിക ഒഴിവാക്കി അംഗത്വം നേടിയവർക്ക് ആനുകൂല്യത്തിനു അർഹതയുള്ള കാലപരിധി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (സി) വകുപ്പ്**

**സ.ഉ.(സാധാ)നം.594/2013/സഹ.** **തീയതി, തിരുവനന്തപുരം, 12.09.2013.**

---

പരാമർശം:-
1) സ.ഉ (സാധാ )നമ്പർ 335/2012/ സഹ തീയതി, 19.06.2012.
2) സ.ഉ.(സാധാ) നമ്പർ 245/2013/സഹ തീയതി, 30.03.2013.
3) സ.ഉ (സാധാ) നമ്പർ 483/2013 സഹ തീയതി, 06.07.2013.
4) കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമബോർഡ് ഭരണ സമിതിയുടെ 01.05.2013 ലെ 10(ii) നമ്പർ തീരുമാനം.
5) സഹകരണ സംഘം രജിസ്ട്രാറുടെ 19.08.2013 ലെ ഇ.എം(5) 26381/2013 നമ്പർ കത്ത്.

ഉത്തരവ്

കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമബോർഡിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സ്ഥാപനങ്ങൾ എന്നിവയിലെ മുഴുവൻ ജീവനക്കാരെയും അംഗങ്ങൾ ആക്കണമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് കുടിശ്ശിക ഒഴിവാക്കി അംഗത്വം നൽകുന്നതിന് സമയം അനുവദിച്ച് പരാമർശം (1), (2), (3) എന്നിവ പ്രകാരം ഉത്തരവായിരുന്നു. ബോർഡ് ചട്ടങ്ങളിലെ വ്യവസ്ഥകളിൽ ഇളവനുവദിച്ച് അംഗത്വം ലഭിക്കുന്നതിന് കുടിശിക ഒഴിവാക്കി തുക അടയ്ക്കുന്നതുമൂലം ബോർഡിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിന് അംഗത്വം ലഭിച്ച് 6 മാസം കഴിയുന്ന മുറയ്ക്ക് മാത്രമേ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളു എന്ന വ്യവസ്ഥ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന പരാമർശം (4) തീരുമാനം പരാമർശം (5) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ വെൽഫെയർ ബോർഡ് തീരുമാനം പരിഗണിച്ച് പരാമർശം (1), (2), (3) ഉത്തരവുകളുടെ ആനുകൂല്യത്തിൽ കുടിശിക ഒഴിവാക്കി അംഗത്വം നേടിയ അംഗങ്ങൾക്ക് അവർക്ക് അംഗത്വം ലഭിച്ച് 6 മാസം കഴിയുന്ന മുറയ്ക്ക് മാത്രമേ ബോർഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളു എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വി.എം. ഗോപാല മേനോൻ,
ഗവൺമെന്റ് സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
(എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകുന്നതിലേയ്ക്കായി).
അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി ട്രഷർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, ഓവർബ്രിഡ്ജ്, തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം